## പതിമൂന്നാം കേരള നിയമസഭ
### പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1152** **03/12/2015-ൽ മറുപടിക്ക്**

## റാസ്ബെറി പൈ കമ്പ്യൂട്ടർ കിറ്റുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.വി.അബ്ദുൾ ഖാദർ | ശ്രീ. പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് സർക്കാർ-എയ്ഡഡ് സ്ക്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം എത്രയാണ്; | (എ) സംസ്ഥാനത്ത് സർക്കാർ എയ്ഡഡ് സ്കൂളുകളിൽ 3383787 വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. |
| (ബി) ഇതിൽ എത്ര വിദ്യാർത്ഥികൾക്ക്, റാസ്ബറി പൈ ഇലക്ട്രോണിക്സ് സ്ക്കൂൾ കിറ്റുകൾ നൽകിയിട്ടുണ്ട്; അവശേഷിക്കുന്ന വിദ്യാർത്ഥികൾക്കെല്ലാം കിറ്റുകൾ വിതരണം ചെയ്യുമെന്ന പ്രഖ്യാപനം നടപ്പായിട്ടുണ്ടോ; | (ബി) സംസ്ഥാനത്തെ എല്ലാ ഗവണ്മെന്റ്/ എയ്ഡഡ് ഹൈസ്കൂളിലേയും പരീക്ഷ നടത്തി തെരഞ്ഞെടുത്ത ഓരോ എട്ടാംക്ലാസ് വിദ്യാർത്ഥികൾക്കു വീതമാണ് റാസ്ബെറി പൈ കമ്പ്യൂട്ടർ ആദ്യഘട്ടത്തിൽ നൽകിയത്. ആദ്യഘട്ടത്തിൽ(2014-15)-2512, കിറ്റുകൾ നൽകി. രണ്ടാം ഘട്ടത്തിൽ ഗവ:/എയിഡഡ്/ അംഗീകൃത അൺ എയിഡഡ് സ്കൂളുകളിലെ എട്ടാംക്ലാസ്സിൽ പഠിക്കുന്ന തെരഞ്ഞെടുത്ത രണ്ടു വിദ്യാർത്ഥികൾക്ക് വീതമാണ് റാസ്ബറി പൈ കമ്പ്യൂട്ടർ വിതരണം ചെയ്യുന്നത്. 2015-16-ൽ 6288 റാസ്ബെറി പൈ കിറ്റുകളും നൽകി. ഒമ്പതാം ക്ലാസ്സിലെ ഫിസിക്സ് പഠനം ലളിതമാക്കുന്നതിന്റെ ഭാഗമായാണ് ഇലക്ട്രോണിക്സ് കിറ്റ് നൽകുന്നത്. ആദ്യഘട്ടമായി സംസ്ഥാനത്തെ എല്ലാ സർക്കാർ സ്കൂളുകൾക്കാണ് ഇത് നൽകുന്നത്. 1218 സ്കൂളുകൾക്കായി 2160 ഇലക്ട്രോണിക്സ് കിറ്റുകൾ ലഭ്യമായിട്ടുണ്ട്. ബാക്കി കിറ്റുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. |

| | | | |
|---|---|---|---|
| (സി) | ഈ വർഷം എത്ര സ്ക്കൂൾ വിദ്യാർത്ഥികൾക്ക് കൂടി കിററുകൾ വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ട്; | (സി) | സ്റ്റാർട്ടപ്പ് മിഷൻ ലഭ്യമാക്കിയിട്ടുളള 7500 കിറ്റുകളിൽ 6288 എണ്ണം വിതരണം ചെയ്തുകഴിഞ്ഞു. |
| (ഡി) | റാസ്ബെറി പൈ കമ്പ്യൂട്ടർ കിറ്റുകൾ, ഏത് ഏജൻസി വഴിയാണ് ലഭ്യമാക്കിയിട്ടുള്ളത്; കിറ്റ് ഒന്നിന് എന്ത് ചെലവ് വരുന്നുണ്ട്; | (ഡി) & (ഇ) | റാസ്ബെറി കമ്പ്യൂട്ടർ കിറ്റുകൾ വിദ്യാർത്ഥികൾക്ക് സൗജന്യമായി നൽകുന്നതും എല്ലാ ചെലവുകളും വഹിക്കുന്നതും ഐ.റ്റി വകുപ്പിന്റെ കീഴിലുള്ള സ്റ്റാർട്ടപ്പ്മിഷൻ ആണ്. |
| (ഇ) | അവശേഷിക്കുന്ന വിദ്യാർത്ഥികൾക്കെല്ലാം ഈ വർഷം തന്നെ കിറ്റുകൾ വിതരണം ചെയ്യുന്നതിന് മൊത്തം എന്ത് ചെലവ് പ്രതീക്ഷിക്കുന്നു; ഏതെല്ലാം നിലയിലാണ് തുക കണ്ടെത്തുന്നത്? | | |

Sreedevi

സെക്ഷൻ ഓഫീസർ